# ലോഡ്ഷെഡിംഗുമായി പൊരുത്തപ്പെടുക!

ലോഡ്ഷെഡ്ഡിംഗ് തുടങ്ങിയ കാലംമുതൽ അത് പാടില്ലെന്ന് മുറവിളി കൂട്ടുന്നവരിൽ എല്ലാ വിഭാഗക്കാരും പെടും. ഭരിക്കുന്ന കക്ഷിയോട് എതിർകക്ഷിയുടെ എല്ലാക്കാലത്തേയും വിലാപം 'ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കുക' എന്നതാണ്. വിദ്യാർഥികൾക്കുവേണ്ടി ഈ ആവശ്യം ഉന്നയിച്ച് മാറിമാറിവരുന്ന പ്രതിപക്ഷങ്ങൾ ഒഴുക്കിയ മുതലക്കണ്ണീരിന് അളവില്ല. പീക്ക് ലോഡിനെ ഒഴിവാക്കാനാണ് ലോഡ് ഷെഡിംഗ് എന്ന് എല്ലാവർക്കും അറിയാം. ഇതൊഴിവാക്കുമ്പോഴുള്ള ദുരിതം, ആർക്കും ഒന്നും സുഗമമായി ചെയ്യാൻ പറ്റാത്ത മിന്നാമിനുങ്ങ് വെളിച്ചം അല്ലെങ്കിൽ ഏതെങ്കിലും പ്രദേശത്ത് അനുഭവപ്പെടുന്ന അരമണിക്കൂറിലധികമായ അപ്രഖ്യാപിത ലോഡ് ഷെഡിംഗ് ഇവയാണ്. വിദ്യാർഥികളുടെ പരീക്ഷക്കാലത്തോ അല്ലാത്തപ്പോഴോ ഉണ്ടാകുന്ന ലോഡ് ഷെഡിംഗ് സമയം കുളിക്കാനുള്ള സമയമായി മാറുകയോ കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് സൊറ പറയാനുള്ള സമയമാക്കുകയോ ഒക്കെ ചെയ്യാം. വെളിച്ചം ആവശ്യമായ എഴുത്തും വായനും മാത്രമല്ലല്ലോ ഒരു വിദ്യാർഥിയുടെ ദിനചര്യ. നമ്മുടെ അനുദിനാവശ്യത്തിലധികമായ കറന്റുല്പാദിപ്പിക്കപ്പെടുന്നതുവരെ ഈ ദുസ്ഥിതിയോട് പൊരുത്തപ്പെടുകയല്ലേ വേണ്ടത്?.

—പി.പി.സ്കറിയ, മാമ്പ്ര